## പതിനാലാം കേരള നിയമസഭ
## ഇരുപത്തി രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.629** **13.01.2021 ൽ മറുപടിയ്ക്ക്**

### ഇലക്ട്രിസിറ്റി ബോർഡ് നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സജി ചെറിയാൻ** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഇലക്ട്രിസിറ്റി ബോർഡ് നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതികളുടെ സംസ്ഥാനതല പുരോഗതി വ്യക്തമാക്കാമോ; | (എ) | കേരള ഗവൺമെന്റിന്റെ ഊർജ്ജകേരള മിഷനിൽപെട്ട സൗര പ്രോജക്ടിൽ ഒന്നാം ഘട്ടമായി വീടുകൾ, സ്വകാര്യസ്ഥാപനങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയിൽ സോളാർ പാനൽ സ്ഥാപിയ്ക്കുന്ന പ്രവൃത്തി നടന്നു വരുന്നു. കേന്ദ്ര നവ നവീന പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡി നൽകുന്ന പുരപ്പുറ നിലയങ്ങളുടെ രജിസ്ട്രേഷൻ നടന്നുവരുന്നു. ഒന്നാം ഘട്ടത്തിൽപെട്ട **46.5** MW സൗരോർജ്ജ നിലയങ്ങൾ സ്ഥാപിയ്ക്കുന്ന ജോലികൾ പുരോഗമിച്ചു വരുന്നു. 2019-20 – ൽ കേന്ദ്ര സബ്സിഡി അനുവദിച്ച 50 MW ന്റെയും 2020-21- ൽ അനുവദിച്ച 200 MW ന്റെയും രജിസ്ട്രേഷൻ 2020 മാർച്ചിൽ ആരംഭിയ്ക്കുകയും 50 MW ന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും നിർമ്മാണപ്രവർത്തനങ്ങൾ ഫെബ്രുവരി 2021 – ഓടെ ആരംഭിക്കാനുമാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ആലപ്പുഴ ജില്ലയിൽ ഏതെല്ലാം യൂണിറ്റുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | 107 പേർക്കായി 379kW സൗരോർജ്ജം ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായിട്ടുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | ചെങ്ങന്നൂർ മണ്ഡലത്തിൽ ഉടമ്പടി വെച്ച് ആരംഭിച്ചിട്ടുള്ള ഗാർഹിക സൗരോർജ്ജ പദ്ധതികൾ എത്രയാണെന്ന് മുനിസിപ്പാലിറ്റി/പഞ്ചായത്ത് തലത്തിൽ അറിയിക്കാമോ? | (സി) | ഒന്നാം ഘട്ടത്തിൽ 139 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയുടെ സൈറ്റ് സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്. വെൺമണി പഞ്ചായത്തിൽ 3kW ന്റെ ഒരു പ്ലാന്റ് കമ്മീഷൻ ചെയ്തിട്ടുണ്ട്. മറ്റുള്ളവയുടെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>രണ്ടാം ഘട്ടത്തിൽ 120 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത എല്ലാവരേയും ഈ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുന്നതിനായുള്ള സർവ്വെ നടപടികൾ ജനുവരി 18 മുതൽ ആരംഭിക്കുന്നതാണ്. |

Radhika

**സെക്ഷൻ ഓഫീസർ**